**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2699** **27-01-2014 - ൽ മറുപടിയ്ക്ക്**

**2013-14-ലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷത്തിൽ പുതിയ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുള്ള പുതിയ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. തലയാർ സ്പെഷ്യൽ പാക്കേജ് പ്രവൃത്തികൾ - 5 കോടി രൂപ<br>2. ചാലിയാർ നദീതടത്തിൽ തടയണ നിർമ്മാണം - 5 കോടി രൂപ<br>3. തലപ്പിള്ളി താലൂക്കിലെ പ്രവൃത്തികൾ - 5 കോടി രൂപ<br>4. കുളങ്ങളുടെ പുനരുദ്ധാരണം - 5 കോടി രൂപ |
| (ബി) ഈ തുക ഉപയോഗിച്ച് സംസ്ഥാനത്ത് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഇതിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ ? | (ബി) 1. തലയാർ സ്പെഷ്യൽ പാക്കേജിന് 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2. ചാലിയാർ നദീ തടത്തിൽ 17 തടയണകൾ നിർമ്മിക്കുന്നതിനായി 10.15 കോടി തുക വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3. തലപ്പള്ളി താലൂക്കിലെ 5 കോടി തുക വരുന്ന വിവിധ പ്രവൃത്തികൾക്ക് (11 എണ്ണം) ഭരണാനുമതി നൽകിയിട്ടുണ്ട്.<br>4. പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലെ 21 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 5.7 കോടിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>മേൽപ്പറഞ്ഞ പ്രവൃത്തികളിൽ കാസറഗോഡ് ജില്ലയിലെ പ്രവൃത്തികൾ ഒന്നും ഉൾപ്പെടുന്നില്ല. |

**സെക്ഷൻ ഓഫീസർ.**